(ബി) മേൽപ്പറഞ്ഞവയിൽ കൊട്ടാരം പാലം, കണ്ണൻവർക്കി പാലം, വൈ.എം.സി.എ. പാലം എന്നിവ പുനർനിർമ്മിക്കുന്നതിനുള്ള കരാർ ഉറപ്പിച്ച് പണി ആരം ഭിച്ചു കഴിഞ്ഞു. ബാക്കിയുള്ളവയുടെ എസ്റ്റിമേറ്റുകൾ പരിശോധിച്ചുവരുന്നു.

(സി,ഡി&ഇ) മേൽപ്പറഞ്ഞ മൂന്ന് പാലങ്ങൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. കൊത്തുവാൾ ചാവടിപാലം, കൊച്ചുകടപാലം, മട്ടാഞ്ചേരി പാലം, വഴിച്ചേരി പാലം, ജില്ലാ കോടതി പാലം, മുറിഞ്ഞപുഴപാലം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു.

(എഫ്) പ്രസ്തുത പാലത്തിന് ഈ വർഷത്തെ ബഡ്ജറ്റിൽ 2,68,000 രൂപ നീക്കി വച്ചിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) നടപടി സ്വീകരിച്ചുവരികയാണ്.

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നു കടുത്തുരുത്തിയിലേക്കുള്ള റോഡ് സ്റ്റേറ്റ്ഹൈവേ ആക്കണമെന്നാവശ്യം

69 (1318) ശ്രീ. ടി. എം. ജേക്കബ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും പെരുവംമൂഴി, ഊരമന, രാമമംഗലം, പിറവം, പെരുവ വഴി കടുത്തുരുത്തിയിലേക്കുള്ള റോഡ് സ്റ്റേറ്റ് ഹൈവേ ആക്കുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റോഡ് വീതി കൂട്ടുന്നതിനുള്ള എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ,ബി&സി) നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും പെരുവാമൂഴി, ഊരമന, രാമമംഗലം, പിറവം, പെരുവ വഴി കടുത്തുരുത്തിയിലേക്കുള്ള റോഡ് സ്റ്റേറ്റ് ഹൈവേ നിലവാരത്തിലേക്ക് ഉയർത്തുന്നതിനെപ്പറ്റി വിശദമായ പഠനം നടത്താൻ മദ്ധ്യമേഖല സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദമായ പഠനത്തിനു ശേഷം മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

നിലമ്പൂരിൽ ബൈപ്പാസ് റോഡ്

70 (1319) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂരിൽ ബൈപാസ് റോഡ് നിർമ്മിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ പ്രവൃത്തി ഉടനെ തുടങ്ങുവാൻ നടപടി കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ബൈപാസ് നിർമ്മിക്കുന്നതിനാവശ്യമായ എസ്റ്റിമേറ്റ് പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ്സ് അനുസരിച്ച് തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകി ആവശ്യമായ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും ചെയ്താൽ പണി ടെണ്ടർ ചെയ്ത് ആരംഭിക്കാവുന്നതാണ്.

കല്ലേറ്റുംകരയിൽ റെയിൽവേ മേൽപ്പാലം പണി

71 (1320) ശ്രീ. യു. എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലേറ്റുംകരയിൽ റെയിൽവേ മേൽപ്പാലം പണിയണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടല്ലോ ;

(ബി) മേൽപ്പാലം പണിയുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(സി) എസ്റ്റിമേറ്റ് സംഖ്യ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) മേൽപ്പാലം പണി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടുണ്ട്. അപ്രോച്ച് റോഡിനുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) 11 കോടി രൂപ.

(ഡി) നടപടി ക്രമങ്ങൾ പൂർത്തിയാക്കി എത്രയും വേഗം പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

കന്യാകുമാരി–ബോംബെ എക്സ്പ്രസ് ഹൈവേ

72 (1321) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കന്യാകുമാരി-ബോംബെ എക്സ്പ്രസ് ഹൈവേയിൽ കേരളത്തെക്കൂടി ഉൾപ്പെടുത്തി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇതിനു വേണ്ടി സർക്കാർ എന്തെല്ലാം നടപടികൾ കൈക്കൊണ്ടു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly